**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1401** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2021 -22 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന 20 ലക്ഷം പേർക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിൽ കൊടുക്കുന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്രപേർക്കാണ് ഇതിനോടകം തൊഴിൽ നൽകിയിട്ടുള്ളത് എന്ന് അറിയിക്കുമോ; | (എ) | കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരെ അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും നൈപുണി-കൾക്കും അനുസൃതമായ വിജ്ഞാന തൊഴിലുകളിൽ ഏർപ്പെടുന്നതിനായി ലോകത്തെമ്പാടുമുള്ള നവലോക തൊഴിൽ അവസരങ്ങൾ കണ്ടെത്തി അവ പ്രാപ്തമാക്കാൻ ആവശ്യമായ പരിശീലനം നൽകി തൊഴിൽ നൽകുവാൻ ലക്ഷ്യമിട്ടു കൊണ്ടുള്ള "കേരള നോളജ് ഇക്കോണമി മിഷൻ" (KKEM) പ്രകാരം തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും ഒരു പ്ലാറ്റ്ഫോമിൽ കൊണ്ടുവരാനും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഓരോരുത്തരുടെയും കഴിവും നൈപുണിയും കണ്ടെത്തി അവർക്കനുയോജ്യമായ വരുമാന ദായകമായ സർക്കാരിതര തൊഴിലു-കളിൽ എത്തിക്കുന്നതിനും ആവശ്യമായ പരിശീലനവും സഹായവും നൽകാൻ നിലവിൽ വന്ന ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം പ്രകാരം ഇതുവരെ 2530 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി മുഖേന തൊഴിൽ ലഭിക്കുന്നതിനായി സംസ്ഥാനത്ത് എത്ര പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | ഡിജിറ്റൽ പ്ലാറ്റ്ഫോം മുഖേന 28/02/2022 വരെ 3,11,017 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ശേഖരിച്ച് വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി മുഖേന ഏതൊക്കെ മേഖലകളിൽ എത്ര പേർക്ക് വീതം ഇതിനോടകം തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട് ; ഇതിൽ സ്ത്രീകളുടെയും പുരുഷന്മാരുടെയും എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ? | (സി) | വിവരം ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ